QP CODE: 24001149

24001149

Reg No : .....................

Name : .....................

**B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, MARCH 2024**

**Sixth Semester**

**CHOICE BASED CORE COURSE - ML6CBT01 - MALAYALATHILE STHREE RACHANAKAL**

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

F53D4E6D

Time: 3 Hours | Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal Examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. സ്ത്രീവാദനിരൂപണം -കുറിപ്പെഴുതുക.

2. "ഊഞ്ഞാലിന് ചെന്നെത്താവുന്ന ദൂരങ്ങൾ പരിമിതമാണ്. അമ്പിന്റെ ഗതിയല്ല ഊഞ്ഞാലിന്റേത് "- സന്ദർഭം വിശദമാക്കുക.

3. "ബുദ്ധിപൂർവ്വം ചിന്തിച്ച് തന്റേടം തികഞ്ഞ തീർച്ചയിലെത്താൻ അവൾക്കുള്ള കഴിവിൽ അവർക്കെല്ലാം അത്ര വിശ്വാസമായിരുന്നു"- ആരിൽ ?എന്തുകൊണ്ട് ?

4. "എന്റെ ശബ്ദത്തിലെ പാരുഷ്യം എന്നെത്തന്നെ അമ്പരപ്പിച്ചു". എന്തുകൊണ്ട് ?

5. തേജസ്വിനി എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക

6. "നിഴൽ മാത്രമീ ലോകം, നിത്യമാം സത്യത്തിൻ<br>വഴിതേടലൊന്നല്ലോ മർത്ത്യ ധർമ്മം" - സന്ദർഭം വിശദമാക്കുക.

7. "ഇരുളേറിന രാവിലും പരം<br>പ്രഭയേറുന്നൊരഹസ്സിലും സമം

നയനങ്ങളടച്ചിടാതെയാ-
ങ്ങിവളെപാർത്തരളുന്നു സന്തതം"- സന്ദർഭം വിശദമാക്കുക.

8. വയലിൻ മടിത്തുമ്പിൽ മനോഹരമായി നിന്ന കാലത്തെ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

9. "അതാ കാര്യം
അത്രേ ഉള്ളൂ കാര്യം "- കാര്യമെന്തെന്ന് വിശദമാക്കുക.

10. "കടമ? ചേറിലും ചെളിയിലും ജീവിതം തുലച്ചിട്ട് ലോകത്തെ തീറ്റിക്കോളാംന്ന് ഞങ്ങൾ നേർച്ച്യൊന്നും നേർന്നിട്ടില്ല". - ആരുടെ വാക്കുകൾ ? സന്ദർഭമെഴുതുക.

11. സ്ത്രീ നാടകവേദി- കുറിപ്പെഴുതുക

12. "നിനക്കുവേണ്ടതെല്ലാം ഞാൻ സമ്പാദിച്ചിട്ടുണ്ട്. നീയിനി പണിയൊന്നും എടുക്കണ്ട. പുറത്തിറങ്ങുകയും വേണ്ട. " നാടകസന്ദർഭവുമായി ബന്ധപ്പെടുത്തി ഈ വാക്യങ്ങളെ വ്യാഖ്യാനിക്കുക.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ* ***ആറ്*** *ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും* ***5*** *മാർക്ക് വീതം.*

13. സ്ത്രീത്വത്തെക്കുറിച്ചുള്ള ലളിതാംബികാ അന്തർജ്ജനത്തിന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാം ?

14. നഗരകാനനസംഘർഷങ്ങൾ സ്ത്രീപുരുഷസംഘർഷങ്ങളായി പരിണമിക്കുന്ന കവിതകളെ പരിചയപ്പെടുത്തുക.

15. "ജീവിതത്തിന് ആകപ്പാടെ ഒരു നിരാശയാ "- 'ഹൃദയപരമാർത്ഥി 'എന്ന കഥയിൽ ഈ വാചകത്തിനുള്ള പ്രാധാന്യമെന്ത് ?

16. "കൊല്ലപ്പെടാൻ, ബഹിഷ്കരിക്കപ്പെടാൻ, പ്രണയിക്കപ്പെടാനും തിരസ്കരിക്കപ്പെടാനും ഷഹറാസാദിനുമുമ്പിൽ കഥാപാത്രങ്ങൾ ഓരോ രാത്രിയിലും കാത്തുനിന്നു"- സന്ദർഭം വ്യക്തമാക്കുക.

17. "എങ്ങോ ജലംകൊണ്ട് നല്കും കറുമ്പിയാം പെണ്ണിവളെ "കവയിത്രി അവതരിപ്പിക്കുന്നതെങ്ങനെ ?

18. "വിസ്മയത്തിന്റെ
വിരൽത്തുമ്പ് കൊണ്ട്
നീയെന്നെയെന്നാണൊരു
പെണ്ണാക്കിമാറ്റുക" ഈ ചോദ്യത്തിന്റെ ഔചിത്യഭംഗി എന്ത്?

19. വാണിജ്യവത്കരിക്കപ്പെട്ട സ്ത്രീപരിസ്ഥിതിസമൂഹത്തെക്കുറിച്ച് വിവരിക്കുക.

20. നാടക അഭിനയരംഗത്തെ സ്ത്രീകളുടെ പ്രാധാന്യം വിശദമാക്കുക

21. നാടകവേദിയിൽ സ്ത്രീ കഥാപാത്രങ്ങളുടെ ഭാഷയ്ക്കുള്ള പ്രത്യേകതകൾ ആദ്യകാലനാടകങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. സ്ത്രീ ആത്മകഥകളുടെ പ്രത്യേകതകൾ വിവരിക്കുക.

23. സ്ത്രീകഥാകൃത്തുക്കളുടെ രചനാസവിശേഷതകൾ എന്തെല്ലാം ?

24. പുതിയ സാഹചര്യത്തിൽ ഗിരിജാ പി. പതേക്കര , ബിന്ദു കൃഷ്ണൻ, ധന്യ എം.ഡി എന്നിവരുടെ കവിതകൾക്കുള്ള പ്രാധാന്യം ചർച്ച ചെയ്യുക

25. പാരിസ്ഥിതികസ്ത്രീവാദ ആത്മീയതയുടെ സാധ്യതകൾ ചർച്ച ചെയ്യുക.

(2×15=30)